**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2511 — 06.12.2018-ലെ മറുപടിയ്ക്ക്

## കേരളത്തിന്റെ ഫുട്ബോൾ രംഗത്തെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഇൻഡ്യൻ ഫുട്ബോളിന് യുവതാരങ്ങളെ സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ഈ രംഗത്തെ നിലവിലെ സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ), (ബി) & (സി) | ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ **കിക്കോഫ്** എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ കൂടി ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.<br>കേരളത്തിൽ ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പനമ്പള്ളി നഗർ സ്പോർട്സ് ഗ്രൗണ്ട് അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുകയും നിലവിൽ ഗ്രൗണ്ടിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റൽ സ്കീമിലുള്ള ഫുട്ബോൾ താരങ്ങൾക്കും സീനിയർ തലത്തിൽ കളിക്കുന്ന മറ്റു കേരള താരങ്ങൾക്കും പരിശീലനം നൽകി വരുന്നു.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഫുട്ബോൾ കായിക ഇനത്തെ |
| (ബി) | എങ്കിൽ മികച്ച പരിശീലനവും നിലവാരമുള്ള മൈതാനങ്ങളും അതുവഴി മെച്ചപ്പെട്ട മത്സര പരിചയവും യുവതാരങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | | |
| (സി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിലായി 4 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 11 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 10 ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ നിലവിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ, കിഫ്ബി പദ്ധതിയുടെ കീഴിൽ കായിക വകുപ്പ് ഏറ്റെടുത്തിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളിൽ 25 ഫുട്ബോൾ സ്റ്റേഡിയങ്ങളും കായികവകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പൂർത്തിയായി വരുന്ന 5 ഫുട്ബോൾ സ്റ്റേഡിയങ്ങളും ഉൾപ്പെടുന്നു.<br>ഫുട്ബോൾ അസോസിയേഷൻ സംഘടിപ്പിക്കുന്ന കോച്ചിംഗ്/ക്യാമ്പിലും ദേശീയ മത്സരങ്ങളിലും പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും സംസ്ഥാന അസോസിയേഷൻ മുഖേന ഗ്രാന്റ് അനുവദിച്ച് വരുന്നു. മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡും നൽകി വരുന്നു. കൂടാതെ 2018-ലെ സന്തോഷ് ട്രോഫി ജേതാക്കളായ കേരള ഫുട്ബോൾ ടീം അംഗങ്ങൾക്ക് സ്വീകരണവും ക്യാഷ് അവാർഡും നൽകുകയുണ്ടായി. ജോലിയില്ലാത്ത ടീമംഗങ്ങളായ 11 പേർക്ക് സർക്കാർ ജോലി നൽകാനും തീരുമാനിച്ചിട്ടുണ്ട്.<br>കേരളത്തെ പ്രതിനിധീകരിച്ച് സബ് ജൂനിയർ, ജൂനിയർ, സീനിയർ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും സ്പോർട്സ് കിറ്റും അനുവദിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**